ന്നതിന് ഓരോ കമ്പനിയും ആവശ്യപ്പെട്ട സംഖ്യ എത്രയാണ്; എത്ര ടൺ ഉപ്പാണ് കൊണ്ടുവരുന്നത്;

(സി) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ ഉപ്പുകൊണ്ടുവരുന്നതിന് ഏതെങ്കിലും തരത്തിൽ അധികചെലവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്;

(ഡി) ഇപ്പോൾ വാങ്ങിയ ഉപ്പിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് പരാതി ഉണ്ടായിട്ടുണ്ടോ?

ഉത്തരം

(എ) ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരുന്നു.

(ബി) വാർഷിക ദർഘാസുകൾവഴി തമിഴ്നാട്ടിൽനിന്നും ഗുജറാത്തിൽനിന്നും കമ്പനിക്ക് ആവശ്യമായ ഉപ്പ് സംഭരിക്കുന്നു. തമിഴ്നാട് സോൾട്ട് കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനം ഉൾപ്പെടെയുള്ള ഉൽപ്പാദകരിൽനിന്നും, ഉപ്പ് കച്ചവടക്കാരിൽനിന്നും ലഭിച്ച ദർഘാസുകൾ കമ്പനിയുടെ പർച്ചേസ് കമ്മിറ്റി സസൂക്ഷ്മം പരിശോധിച്ചു നൽകുന്ന ശുപാർശകൾ കണക്കിലെടുത്ത് കമ്പനി ഡയറക്ടർ ബോർഡിന്റേയും കൂടി അനുവാദത്തോടെയാണ് ഉപ്പ് കൊണ്ടുവരുന്നതിനുള്ള കരാറുകൾ കൊടുത്തിട്ടുള്ളത്. ഇപ്രകാരം 1999-2000-ാം മാണ്ടിൽ കൊടുത്ത കരാറുകളെ സംബന്ധിക്കുന്ന സ്റ്റേറ്റുമെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്.† ഉപ്പ് ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് ഒരു ടണ്ണിന് 1011.92 രൂപ മുതൽ 1370.00 രൂപ വരെയുള്ള വിലയ്ക്കാണ് കമ്പനിയിൽ ഉപ്പ് എത്തിക്കുന്നത്.

(സി) ഉപ്പുകൊണ്ടുവരുന്നതിൽ അധികചെലവ് ഉണ്ടായിട്ടില്ലായെന്നാണ് കമ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) ഉണ്ട്.

30 (554) കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മില്ലിന്റെ വികസന പ്രോജക്ട്

ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മില്ലിന്റെ 6000 സ്പിൻഡിലുകൾ അടങ്ങുന്ന രണ്ടാം ഘട്ട വികസനത്തിന്റെ പ്രോജക്ട് കഴിഞ്ഞ വർഷം സമർപ്പിച്ചത് വ്യവസായവകുപ്പ് അനുവദിച്ച സഹായധനം നൽകാനുള്ള നടപടികൾ പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(സി) രണ്ടാംഘട്ട പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; അതിന്റെ എന്തു വിഹിതമാണ് സർക്കാർ നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ സർക്കാരിന്റെകാലത്ത് കായംകുളം മില്ലിന്റെ രണ്ടാംഘട്ട പ്രോജക്ട് നടപ്പിലാക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)(ബി)&(ഡി) കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മില്ലിന്റെ രണ്ടാംഘട്ട പ്രോജക്ട് സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

31 (555) കായംകുളം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ 1-ന് പരീക്ഷാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മിൽ 2000 മേയ് 31 വരെ പിന്നീട് 7 മാസത്തിനുള്ളിൽ എന്തു തുക ലാഭമുണ്ടാക്കി എന്ന് അറിയിക്കുമോ;

(ബി) മിൽ ഇതുവരെ എത്ര കിലോഗ്രാം നൂൽ ഉൽപ്പാദിപ്പിച്ചു;

(സി) മില്ലിന്റെ മേയ് 31-വരെയുള്ള വിറ്റുവരവുകൾ ആകെ എന്തു തുക വരും;

(ഡി) ഈ 7 മാസത്തിനുള്ളിൽ മിൽ വിവിധ സർക്കാർ ഏജൻസികൾക്ക് നൽകിയിട്ടുള്ള ഫീസുകൾ ആകെ എന്തു തുക വരും; അതിൽ സംസ്ഥാന ഗവൺമെന്റിന് എന്തു ലഭിച്ചു; കേന്ദ്രഗവൺമെന്റിന് എന്തു ലഭിച്ചു?

ഉത്തരം

(എ) വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങിയ 1-11-1999 മുതൽ 31-5-2000 വരെയുള്ള 7 മാസത്തെ പ്രവർത്തനം 50,85,312 രൂപ പ്രവർത്തന ലാഭം കാണിക്കുന്നു. എന്നാൽ 1981 മുതൽ ആർജ്ജിച്ച വിവിധ ലോണുകളുടെ പലിശയും, പ്രോജക്ടിനുവേണ്ടി എടുത്ത ലോണിന്റെ പലിശയും വകയിരുത്തുമ്പോൾ 12,746 രൂപയാണ് ക്യാഷ് പ്രോഫിറ്റ്.

(ബി) 1999 നവംബർ 1 മുതൽ 2000 മേയ് 31 വരെ 2,91,143 കിലോ നൂൽ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) 1-11-1999 മുതൽ 31-5-2000 വരെയുള്ള 7 മാസത്തെ വിറ്റുവരവ് 3,65,65,114/- രൂപയാണ്.

(ഡി) 1.11.1999 മുതൽ 31.5.2000 വരെ സെൻട്രൽ എക്സൈസ് ഇനത്തിൽ 32.09 ലക്ഷവും, സെയിൽടാക്സ് ഇനത്തിൽ 14.94 ലക്ഷം രൂപയും സർക്കാർ ഖജനാവിലേക്ക് അടച്ചിട്ടുണ്ട്.

32 (556) സ്പിന്നിംഗ് മില്ലുകൾക്ക് നൽകുന്ന സഹായം

ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2000-ാം മാണ്ട് ജൂൺ 5 വരെ കേരളത്തിലെ ഗവൺമെന്റ് സ്പിന്നിംഗ് മില്ലുകൾക്കും, സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും ഓരോന്നിനും സർക്കാർ നൽകിയിട്ടുള്ള ഗ്രാന്റ്, ലോൺ, ഷെയർ, ഇതര ധനസഹായങ്ങൾ എന്നിവയുടെ പൂർണ്ണമായ ഒരു പട്ടിക നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly